## ദോക് ലാം ഭാഗത്ത് അടുത്തകാലത്തുണ്ടായ സംഭവവികാസങ്ങൾ

ജൂൺ 30, 2017

ചൈന-ഇന്ത്യാ അതിർത്തിയിലെ സിക്കിം പ്രദേശത്തെ അതിർത്തി രേഖയെ ഇന്ത്യൻ അതിർത്തി സേന മറികടന്ന് ചൈനയുടെ പ്രദേശത്ത് എത്തിയതായി ജൂൺ 26 , 2017 നു ചൈനയുടെ വിദേശകാര്യ മന്ത്രാലയം ഒരു പ്രസ്താവനയിൽ ആരോപിക്കുകയുണ്ടായി . ഇത് ചൈനയുടെ മറ്റൊരു ഔദ്യോഗിക വിശദീകരണത്തിലും ആവർത്തിച്ചു

1) വിഷയത്തിലെ വസ്തുതകൾ താഴെ പറയുന്നതാണ് :

i). ചൈനയുടെ പീപ്പിൾസ് ലിബറേഷൻ ആർമി ദോക് ലാം മേഖലയിൽ ജൂൺ 16, 2017 നു റോഡ് നിർമാണ പ്രവർത്തനങ്ങൾക്കു ശ്രമിക്കുന്നു. ഈ ഏകപക്ഷമായ പ്രവർത്തനത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കുവാൻ അവിടെ റോന്തു ചുറ്റിയിരുന്ന റോയൽ ഭൂട്ടാൻ സേന ശ്രമിച്ചതായി ഞങ്ങൾ മനസിലാക്കുന്നു. റോയൽ ഗവൺമെന്റ് ഓഫ് ഭൂട്ടാൻ (ആർജിഒബി) അംബാസഡർ തങ്ങൾ ചൈനീസ് ഗവൺമെന്റുമായി അവരുടെ ന്യൂഡെൽഹിയിലെ എംബസി മുഖേന ജൂൺ 20നു ഇതിനോടുള്ള പ്രതിഷേധം അറിയിച്ചിരുന്നതായി പരസ്യമായി പറയുകയുണ്ടായി .

ii). ഭൂട്ടാൻ അതിർത്തിക്കുള്ളിലൂടെ റോഡ് നിർമിക്കുന്നത് ഭൂട്ടാനും ചൈനയും 1988 , 1998 കാലങ്ങളിൽ ഉണ്ടാക്കിയ കരാറുകളുടെ നേരിട്ടുള്ള ലംഘനം ആണെന്നും ഈ രണ്ടു രാജ്യങ്ങൾക്കുമിടയിലെ അതിർത്തി നിർണയിക്കുന്ന പ്രക്രിയയെ ഇത് ബാധിക്കുമെന്നും ഇന്നലെ ഭൂട്ടാൻ വിദേശകാര്യമന്ത്രി തന്റെ പ്രസ്താവനയിൽ അടിവരയിട്ടു പറഞ്ഞു. ജൂൺ 16, 2017 നു മുമ്പുണ്ടായിരുന്ന തൽ സ്ഥിതിയിലേക്ക് മടങ്ങിപ്പോകാൻ അവർ ആവശ്യപ്പെട്ടിട്ടുണ്ട്

iii). പരസ്പരം താത്പര്യമുള്ള വിഷയങ്ങളിൽ വളരെ അടുപ്പമുള്ള ചർച്ചകൾ ചെയ്യുന്ന പതിവു തുടർന്നു കൊണ്ട് ആർജിഒബിയും ഇന്ത്യാ ഗവൺമെന്റും ഈ സംഭവവികാസത്തിന്റെ ചുരുൾ അഴിക്കുന്നതിന് വേണ്ടി നിരന്തരം ബന്ധം പുലർത്തുന്നുണ്ടായിരുന്നു

iv). ദോക് ലാമിലെ പൊതു പ്രദേശം സന്ദർശിച്ച ഇന്ത്യൻ ഉദ്യോഗസ്ഥൻ ആർജിഓബിക്കൊപ്പം ചൈനയുടെ റോഡ് നിർമാണം നടത്തിയവരെ സമീപിക്കുകയും തൽസ്ഥിതിയെ മാറ്റുന്നതിൽ നിന്നും പിൻമാറുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഈ ശ്രമങ്ങൾ തുടരുന്നു

v). ഇന്ത്യക്കും ചൈനക്കും ഇടയിൽ അന്ന് മുതൽ ഈ വിഷയം ന്യൂ ഡെൽഹിയിലെയും ബെയ്ജിംഗിലെയും വിദേശ മന്ത്രാലയങ്ങളിൽ നയതന്ത്രതലത്തിൽ ഈ വിഷയം ചർച്ച ചെയ്തതാണ് . ജൂൺ 20 നു നാഥു ലായിലെ അതിർത്തി ഉദ്യോഗസ്ഥ യോഗത്തിലെയും ചർച്ചാ വിഷയമിതായിരുന്നു.

2) ചൈനയുടെ ഈ അടുത്ത കാലത്തെ പ്രവർത്തികളിൽ ഇന്ത്യക്ക് അഗാധമായ ഉത്കണ്ഠയുണ്ട് , ഈ പ്രവർത്തി അതിർത്തിയിലെ തൽ സ്ഥിതിയെ സംബന്ധിച്ചു വളരെ പ്രധാനമായതും ഇന്ത്യയുടെ സുരക്ഷാ വിഷയത്തിൽ ഗൌരവമായ പ്രശ്നങ്ങളുണ്ടാക്കുന്നതും ആയിരിയ്ക്കും എന്ന കാര്യം ചൈനയുടെ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

3) ഈ വിഷയത്തിൽ , 2012 ൽ എത്തിയ ധാരണ പ്രകാരം ഇന്ത്യക്കും ചൈനക്കും മൂന്നാം രാജ്യങ്ങൾക്കിടയിലുമുള്ള ത്രിജംഗ്ഷൻ അതിർത്തി പ്രദേശങ്ങളിൽ , അതാത് രാജ്യങ്ങളുമായി പരസ്പര ചർച്ചകളിലൂടെ തർക്കങ്ങൾ പരിഹരിക്കും എന്നതായിരുന്നു. അതുകൊണ്ടു ത്രി-ജംഗ്ഷൻ ഇടങ്ങൾ ഏകപക്ഷീയമായി തീരുമാനിക്കുന്നത് ഈ ധാരണയുടെ ലംഘനമാണ്

4) സിക്കിം പ്രദേശത്തെ അതിർത്തിയുടെ കാര്യത്തിൽ , 2012 ൽ അലൈൻമെന്റ് അടിസ്ഥാനത്തിൽ എന്ന തങ്ങളുടെ പരസ്പര ധാരണയെ ഇന്ത്യയും ചൈനയും ഉറപ്പിച്ചിരുന്നതാണ് .അതിർത്തി അന്തിമ തീരുമാനവുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ പ്രത്യേക പ്രതിനിധികളുടെ ചട്ടക്കൂടിന് കീഴിൽ നടന്നു കൊണ്ടിരിക്കുകയാണ്

5) ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ കക്ഷികളും വളരെയധികം സംയമനം പ്രകടിപ്പിക്കുകയും തൽ സ്ഥിതിയെ ഏകപക്ഷീയമായി മാറ്റുകയില്ല എന്ന അവരുടെ ഉഭയകക്ഷി ധാരണകളിൽ ഉറച്ചു നിൽക്കേണ്ടതും വളരെ അത്യാവശ്യമാണ് . പ്രത്യേക പ്രതിനിധികളുടെ പ്രക്രിയയിൽ കൂടി ഇന്ത്യയും ചൈനയും തമ്മിൽ എത്തിചേർന്നിട്ടുള്ള

അഭിപ്രായ ഐക്യത്തെ ഇരു വിഭാഗവും നിസ്സംശയം ബഹുമാനിക്കുന്നു എന്നതും പ്രധാനപ്പെട്ട കാര്യമാണ്

6) ത്രിജംഗ്ഷൻ വിഷയവുമായി ബന്ധപ്പെട്ട വിഷയത്തിലും ചൈനയുമായി തന്റെ സ്വന്തം അതിർത്തി നിർണയത്തിലും വളരെ സകാരാത്മകമായ സമീപനമാണ് സ്ഥിരമായി ഇന്ത്യ എടുത്തിട്ടുള്ളത്,

7) ഇന്ത്യാ ചൈന അതിർത്തി മേഖലകളിലെ സമാധാനവും സ്വസ്ഥതയും ഇന്ത്യ വളരെ വിലപ്പെട്ടതായി കരുതുന്നു. വളരെയേറെ കഷ്ടപ്പെട്ടാണ് . ഇന്ത്യാ- ചൈന അതിർത്തി മേഖലകളിലെ തർക്കങ്ങളിൽ സമാധാനവും സ്വസ്ഥതയും ഉറപ്പു വരുത്തുവാൻ വേണ്ടി എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുവാൻ ചട്ടക്കൂടിനു ഇരു ഭാഗവും രൂപം നൽകിയത് . ചർച്ചകളിലൂടെ അതിർത്തി പ്രദേശങ്ങളിലെ എല്ലാ വിഷയങ്ങൾക്കും സമാധാനപരമായ പ്രശ്നപരിഹാരം കാണുവാൻ ചൈനയുമായി പ്രവർത്തിക്കുവാൻ ഇന്ത്യ ആഗ്രഹിക്കുന്നു

ന്യൂ ഡെൽഹി
30 ജൂൺ 2017